"അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകൾ ആക്കാനുള്ള നടപടി"

157 [1399] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാനുള്ള നടപടി ഭരണഘടനാവിരുദ്ധമാണെന്ന് കണ്ടെത്തി ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം നടപടി റദ്ദാക്കിക്കൊണ്ടുള്ള ബഹു. ഹൈക്കോടതി വിധി ന്യായത്തിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-1-2003-ലെ ജി. ഒ. (എം. എസ്.) 14/2003/പൊ. വി. വകുപ്പ് പ്രകാരം ഏരിയ ഇന്റൻസീവ് പദ്ധതിയിൽ അനുവദിച്ചിരുന്നതും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമായ 35 സ്കൂളുകളിലെ ജീവനക്കാർക്ക് സർക്കാർ ശമ്പളം നൽകുവാൻ തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്.

(ബി) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ചുള്ള ആനുകൂല്യം സ്റ്റേറ്റ് ഗവൺമെന്റ്/യൂണിയൻ ടെറിറ്ററീസ്/വോളന്ററി ഓർഗനൈസേഷൻ എന്നിവർക്ക് സ്വീകരിക്കാവുന്നതായിരുന്നു. സ്റ്റേറ്റ് ഗവൺമെന്റ് ആരംഭിക്കുന്ന സ്കൂളുകളിലെ ടീച്ചിംഗ്/നോൺ ടീച്ചിംഗ് സ്റ്റാഫിന് ശമ്പളം സ്റ്റേറ്റ് ഗവൺമെന്റ് നൽകുന്നതുപോലെ വോളന്ററി ഓർഗനൈസേഷൻ ഏറ്റെടുത്തു നടത്തുന്ന സ്കൂളുകളിലെ സ്റ്റാഫിന്റെ ശമ്പളം ആ ഓർഗനൈസേഷൻ തന്നെ വഹിക്കേണ്ടതാണ്. ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ കഴിയാത്ത വോളന്ററി ഓർഗനൈസേഷൻ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കേണ്ടതില്ലായിരുന്നു എന്നും വിധിന്യായത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഇത്തരത്തിലുള്ള ഓർഗനൈസേഷൻ നടത്തുന്ന സ്കൂളുകൾക്ക് ഇന്ത്യൻ ഭരണഘടനാ ആർട്ടിക്കിൾ 30-ന്റെ ആനുകൂല്യമോ, കെ. ഇ. ആർ ചട്ടം അനുസരിച്ച് എയ്ഡഡ് സ്കൂളാക്കി കണക്കാക്കാനോ സാധിക്കുന്നതല്ല. വോളന്ററി ഓർഗനൈസേഷൻ നിയമനം നടത്തിയ സ്കൂൾ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ സാമ്പത്തിക ശേഷി ഇല്ലെങ്കിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് സ്കൂൾ ഏറ്റെടുക്കുകയോ, അല്ലെങ്കിൽ സ്കൂളിന്റെ ചുമതല സ്കീം നിഷ്കർഷിക്കുന്ന വിധത്തിൽ നടത്താൻ കഴിവുള്ള മറ്റേതെങ്കിലും ഓർഗനൈസേഷനെ ഏൽപ്പിക്കേണ്ടതുമാണെന്ന് വിധിന്യായത്തിൽ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly